/

## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3671

15.12.2014 ലെ മറുപടിയ്ക്ക്

## സെസ്സ് ഏറ്റെടുക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സെസ്സ് ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട്. |
| (ബി) സെസ്സ് ഏറ്റെടുക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) 2014 ജനുവരി ഒന്നാം തീയതി കേന്ദ്ര സർക്കാർ സെസ്സിനെ (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) ഔദ്യോഗികമായി ഏറ്റെടുത്തു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഭൗമ ശാസ്ത്ര മന്ത്രാലയം സെക്രട്ടറിയും സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പ് എക്സ് ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയും തമ്മിൽ ഇതിനുള്ള ധാരണാ പത്രത്തിൽ 01.01.2014-ൽ ഒപ്പുവച്ചു. |
| (സി) ഇത് മൂലം സെസ്സിന്റെ വികസന പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുന്നതെന്ന് വിശദമാക്കുമോ ; | (സി) സെസ്സിന്റെ ഗവേഷണ പ്രവർത്തനങ്ങളും നേട്ടങ്ങളും ദേശീയ അന്തർദേശീയ തലത്തിൽ വർദ്ധിക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വിവിധ ശാസ്ത്ര സ്ഥാപനങ്ങളുമായി സംയോജിച്ച് പ്രവർത്തിക്കുന്നതിനും അവസരങ്ങൾ ലഭിക്കാൻ ഈ ഏറ്റെടുക്കൽ പ്രയോജനകരമാകും. ഇപ്പോൾ നിലവിലുള്ളതിനു പുറമെ വിവിധതരം അത്യന്താധുനിക ശാസ്ത്ര ഗവേഷണ ഉപകരണങ്ങളുടെയും ഭൗമ ശാസ്ത്രത്തിൽ അറിവ് നേടിയിട്ടുള്ള കൂടുതൽ ഗവേഷകരുടെയും മറ്റു വിദഗ്ദരുടെയും സഹായത്തോടുകൂടി ഭൗമ ഗവേഷണത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യാമെന്ന് കരുതുന്നു. |

| | |
|---|---|
| (ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന് എന്തു തുകയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് സെസ്സിന്റെ വികസന പ്രവർത്തനത്തിന് 128.67 കോടി രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത്. ആയതിൽ 80.35 കോടി രൂപ ഗവേഷണ പ്രവർത്തനങ്ങൾക്കും ലബോറട്ടറി നവീകരണത്തിനുമാണ് നീക്കിവച്ചിരിക്കുന്നത്. ബാക്കി തുക ജീവനക്കാരുടെ ശമ്പളത്തിനും സ്ഥാപനത്തിന്റെ മറ്റു ആവശ്യങ്ങൾക്കുമാണ് വകയിരുത്തിയിരിക്കുന്നത്. |

അണ്ടർ സെക്രട്ടറി റ്റു ഗവൺമെന്റ്